# കേരളസർവകലാശാല

നം.പി.ആർ.149/2023 തിരുവനന്തപുരം, തീയതി: 25/07/2023

## പത്രക്കുറിപ്പ്

**കേരള സർവകലാശാലയുടെ ഒന്നാം വർഷ ബിരുദാനന്തര ബിരുദ പ്രവേശനം 2023 ഒന്നാം ഘട്ട അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു.**

കേരള സർവകലാശാലയുടെ 2023–24 അധ്യയന വർഷത്തിലെ ഒന്നാം വർഷ ബിരുദാനന്തര ബിരുദ പ്രവേശനത്തിനുള്ള ഒന്നാം ഘട്ട അലോട്ട്മെന്റ് വെബ്സൈറ്റിൽ (**https://admissions.keralauniversity.ac.in/pg2023/**) പ്രസിദ്ധീകരിച്ചു. അപേക്ഷകർക്ക് അപേക്ഷാ നമ്പറും പാസ്സ് വേർഡും ഉപയോഗിച്ച് പ്രൊഫൈലിൽ ലോഗ് ഇൻ ചെയ്ത് അലോട്ട്മെന്റ് പരിശോധിക്കാവുന്നതാണ്. അലോട്ട്മെന്റ് ലഭിച്ചവർ നിശ്ചിത സർവകലാശാല ഫീസ് ഓൺലൈനായി ഒടുക്കേണ്ടതാണ്.

അലോട്ട്മെന്റ് ലഭിച്ച് ഓൺലൈനായി ഫീസ് അടച്ച അപേക്ഷകർ അവരവരുടെ പ്രൊഫൈലിൽ ലോഗിൻ ചെയ്ത ശേഷം അലോട്ട്മെന്റ് മെമ്മോയുടെ പ്രിന്റ് എടുക്കാവുന്നതാണ്. അലോട്ട്മെന്റ് ലഭിച്ച കോളേജ്, കോഴ്സ്, കാറ്റഗറി, അഡ്മിഷൻ തീയതി എന്നിവ അലോട്ട്മെന്റ് മെമ്മോയിൽ ലഭ്യമാക്കിയിട്ടുണ്ട്. മെമ്മോയിൽ പറഞ്ഞിരിക്കുന്ന തീയതികളിൽ യോഗ്യത തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകൾ സഹിതം കോളേജിൽ ഹാജരായി അഡ്മിഷൻ എടുക്കേണ്ടതാണ്. ഏതെങ്കിലും കാരണത്താൽ നിശ്ചിത തീയതിക്കോ സമയത്തിനുള്ളിലോ കോളേജിൽ ഹാജരാകാൻ സാധിക്കാത്തവർ അതാത് കോളേജിലെ പ്രിൻസിപ്പലുമായി ബന്ധപ്പെടേണ്ടതാണ്.

അലോട്ട്മെന്റ് ലഭിച്ച അപേക്ഷകർ അവർക്ക് ലഭിച്ച സീറ്റിൽ തൃപ്തരല്ലെങ്കിൽ പോലും തുടർന്നുള്ള അലോട്ട്മെന്റുകളിൽ പരിഗണിക്കപ്പെടുന്നതിലേക്കായി സർവകലാശാല ഫീസ് അടയ്ക്കേണ്ടതും കോളേജുകളിൽ പ്രവേശനം നേടേണ്ടതുമാണ് . കോളേജ് പ്രവേശനം നേടാത്ത അപേക്ഷകരുടെ അലോട്ട്മെന്റ് റദ്ദാകുന്നതും അവരെ തുടർന്ന് വരുന്ന രണ്ടാം ഘട്ട അലോട്ട്മെന്റിൽ പരിഗണിക്കുന്നതുമല്ല.

വിദ്യാർത്ഥികൾ ലഭിച്ച അലോട്ട്മെന്റിൽ തൃപ്തരാണെങ്കിൽ സർവകലാശാല ഫീസ് ഒടുക്കി അലോട്ട്മെന്റ് ഉറപ്പാക്കിയ ശേഷം ഹയർ ഓപ്ഷനുകൾ (അലോട്ട്മെന്റ് കിട്ടിയ ഓപ്ഷന് മുകളിലുള്ളവ) ജൂലൈ 31 ന് മുൻപായി നീക്കം ചെയ്യേണ്ടതാണ്.

## സ്പോട്ട് അഡ്മിഷൻ

കേരള സർവകലാശാലക്ക് കീഴിൽ കാര്യവട്ടം ക്യാംപസ്സിൽ പ്രവർത്തിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മന്റ് ഇൻ കേരള (ഐ .എം .കെ), സി.എസ്.എസ്. സ്കീമിൽ എം.ബി.എ (ജനറൽ) എം.ബി.എ. (ട്രാവൽ & ടൂറിസം), എം.ബി.എ (ഷിപ്പിംഗ് & ലോജിസ്റ്റിക്സ്) കോഴ്സുകളിലേക്ക് 2023 – 2025 ബാച്ച് പ്രവേശനത്തിന് സ്പോട്ട് അഡ്മിഷൻ നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു.

താല്പര്യം ഉള്ളവർ 0108. 2023 നു 11 മണിക്ക് കേരള സർവകലാശാല കാര്യവട്ടം ക്യാംപസിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മന്റ് ഇൻ കേരളയിൽ എത്തിച്ചേരേണ്ടതാണ്. വിശദവിവരങ്ങൾക്കു സർവകലാശാല വെബ്സൈറ്റ് സന്ദർശിക്കുക. (**www.admissions.keralauniversity.ac.in**).

## പ്രായോഗിക പരീക്ഷ

കേരളസർവകലാശാല കാര്യവട്ടം യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ് 2018 സ്കീം ആറാം സെമസ്റ്റർ – ജൂൺ 2023 ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ ബ്രാഞ്ചിന്റെ പ്രായോഗിക പരീക്ഷ ആഗസ്റ്റ് 4 ന് നടത്തുന്നതാണ്. വെബ്സൈറ്റിൽ.

കേരളസർവകലാശാല ഏഴാം സെമസ്റ്റർ ബി.ടെക് ഡിസംബർ 2022 (2008 & 2013 സ്കീം) ഇലക്ട്രിക്കൽ ആൻഡ് ഇലക്ട്രോണിക്സ് ബ്രാഞ്ചിന്റെ പ്രായോഗിക പരീക്ഷ 2023 ജൂലൈ 26, 27 തീയതികളിൽ ഗവൺമെൻറ് എൻജിനീയറിങ് കോളേജ് ബാർട്ടൻ ഹില്ലിൽ വച്ച് നടത്തും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

## പരീക്ഷ തീയതി

കേരളസർവകലാശാല ജൂലൈ 27ന് വ്യാഴാഴ്ച നടത്താനിരുന്ന നാലാം സെമസ്റ്റർ എം. എ മ്യൂസിക്, എം. എ മ്യൂസിക് (വീണ) എം.എ മ്യൂസിക് (വയലിൻ) കോഴ്സുകളുടെ MS 242,VE 242, VI 242 തിയറി പേപ്പർ VIII വെസ്റ്റേൺ & ഹിന്ദുസ്ഥാനി മ്യൂസിക് പരീക്ഷ ഓഗസ്റ്റ് 7 ലേക്ക് മാറ്റിവച്ചിരിക്കുന്നു.

## യൂണിവേഴ്സിറ്റി മെറിറ്റ് സ്കോളർഷിപ്പ്

2022 –2023 വർഷത്തിൽ വിവിധ ബിരുദാനന്തര കോഴ്സുകളിൽ യൂണിവേഴ്സിറ്റി മെറിറ്റ് സ്കോളർഷിപ്പിന് അർഹരായ വിദ്യാർത്ഥികളുടെ സാധ്യത ലിസ്റ്റ് സർവകലാശാല വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട് . ഏതെങ്കിലും വിധത്തിലുള്ള പരാതിയുള്ളവർ 2023 ഓഗസ്റ്റ് 31 നകം പ്രിൻസിപ്പൽ മുഖാന്തരം സർവകലാശാലയിൽ അറിയിക്കേണ്ടതാണ്. 2023 ഓഗസ്റ്റ് 31നു ശേഷം ലഭിക്കുന്ന പരാതികൾ പരിഗണിക്കുന്നതല്ല. സാധ്യത ലിസ്റ്റിൽ ഉൾപ്പെട്ടതുകൊണ്ട് മാത്രം സ്കോളർഷിപ്പിന് അർഹത ഉണ്ടായിരിക്കുന്നതല്ല.

## പരീക്ഷാഫലം

കേരളസർവകലാശാല അഞ്ചാം സെമസ്റ്റർ കാര്യവട്ടം യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ് 2018 സ്കീം (ഇംപ്രൂവ്മെന്റ് , സപ്ലിമെന്ററി 2019 അഡ്മിഷൻ ആൻഡ് സപ്ലിമെന്ററി 2018 അഡ്മിഷൻ) ജനുവരി 2023 പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനും അപേക്ഷിക്കേണ്ട അവസാന തീയതി 2023 ഓഗസ്റ്റ് 4. കരട് മാർക്ക് ലിസ്റ്റ് വെബ്സൈറ്റിൽ ലഭ്യമാണ്.

## സർട്ടിഫിക്കറ്റ് ഇൻലൈബ്രറി ഇൻഫർമേഷൻ സയൻസ്

കേരളസർവകലാശാലയുടെ കണ്ടിന്യൂയിങ് എഡ്യൂക്കേഷൻ വിഭാഗം (CACEE) കാഞ്ഞിരംകുളം ഗവ കെ.എൻ.എം ആർട്സ് & സയൻസ് കോളേജിൽ വച്ച് 2023 ഓഗസ്റ്റിൽ ആരംഭിക്കുന്ന സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി ഇൻഫർമേഷൻ സയൻസ് കോഴ്സിൻറെ അപേക്ഷ ഫോം ജൂലൈ 20 മുതൽ 29 വരെ കോളേജ് ഓഫ് കണ്ടിന്യൂയിങ് എജുക്കേഷൻ ഓഫീസിൽ നിന്ന് ലഭ്യമാണ് പ്ലസ്ടുവാണ് അടിസ്ഥാനയോഗ്യത ശനി ഞായർ ദിവസങ്ങളിൽ രാവിലെ 10 മണിമുതൽ മുതൽ വൈകുന്നേരം 4 മണി വരെയാണ് ക്ലാസ് മറ്റു കോഴ്സുകൾ പഠിക്കുന്നവർക്കും ജോലിയുള്ളവർക്കും അപേക്ഷിക്കാം. അപേക്ഷ ജൂലൈ 29 വൈകുന്നേരം 4 മണി വരെ സ്വീകരിക്കുന്നതാണ്.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ–ചാർജ്)

**E-mail:**For queries**helpdesk@keralauniversity.ac.in**
**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**